# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ 2006-07 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.1, 2007-08 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.3 എന്നിവ പ്രകാരം യഥാക്രമം തടസ്സപ്പെടുത്തിയിരുന്ന തുകകളായ 1,47,060/- (ഒരു ലക്ഷത്തി നാല്പത്തി ഏഴായിരത്തി അറുപത് രൂപ മാത്രം) രൂപ, 1,03,284/- (ഒരു ലക്ഷത്തി മൂവായിരത്തി ഇരുന്നൂറ്റി എൺപത്തി നാല് രൂപ മാത്രം) രൂപ എന്നിവയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 2529/2018/തസ്വഭവ. തിരുവനന്തപുരം, തീയതി.29/09/[redacted].2018

പരാമർശം:- 1) എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.01.2016 ലെ എ 1/1222/16 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 11.03.2016 ലെ എം3-5308/2016 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 21.12.2016-ലെ എൽ.എഫ്.5436/പി.റ്റി.2/2016 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ 2006-07 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം 1,47,060/- (ഒരു ലക്ഷത്തി നാല്പത്തി ഏഴായിരത്തി അറുപത് രൂപ മാത്രം) രൂപയുടെയും 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം, 1,03,284/- (ഒരു ലക്ഷത്തി മൂവായിരത്തി ഇരുന്നൂറ്റി എൺപത്തി നാല് രൂപ മാത്രം) രൂപയുടെയും ചെലവുകൾ തടസ്സപ്പെടുത്തിയിരുന്നു. വൈദ്യുത വകുപ്പിന്റെ 17.03.1997 ലെ സ.ഉ.(സാധാ) നം.11/97 പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, ഫിറ്റിംഗുകൾ, പിവിസി വയർ വാങ്ങൽ- കൂലി നൽകൽ എന്നീ പ്രവർത്തികൾ ചെയ്തതിനായിരുന്നു ഓഡിറ്റ് വകുപ്പ് ടി തടസ്സപ്പെടുത്തൽ നടത്തിയത്. തുടർന്ന് മേൽപറഞ്ഞ രണ്ടു തടസ്സപ്പെടുത്തലുകളും സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടെ പരാമർശം (2) മുഖേന സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ആയതിൻമേൽ സർക്കാർ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് പരാമർശം (3) പ്രകാരം ഓഡിറ്റ് വകുപ്പ് സർക്കാരിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

2. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ, നിലവിലുള്ള പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള ട്യൂബ് ലൈറ്റ്, ബൾബ് എന്നിവ മാത്രമേ വൈദ്യുതിബോർഡ് മാറ്റി സ്ഥാപിക്കാറുള്ളൂവെന്നും സി.എഫ്.എൽ, സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും വൈദഗ്ധ്യമുള്ള കരാർ തൊഴിലാളികൾ ഇല്ലാത്ത സാഹചര്യത്തിലാണ് അറ്റകുറ്റപ്പണികൾക്കായി മറ്റ് ഏജൻസികളുടെ സഹായം തേടേണ്ടിവന്നതെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നതായും പൊതുനിരത്തുകളിൽ വിളക്കുകൾ സ്ഥാപിക്കൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തിനോ സർക്കാരിനോ യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ലാത്തതിനാലും പഞ്ചായത്ത് കമ്മിറ്റിയുടെ 15.06.2015 ലെ 33(1), 33(2), നമ്പർ

തീരുമാനങ്ങൾ പരിഗണിച്ചും ഖണ്ഡിക 3.1, 3.3 എന്നിവ പ്രകാരമുള്ള ചെലവിന് സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ സർക്കാരിന് തീരുമാനം എടുക്കാവുന്നതായും ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.06.2015 ലെ 33(1), 33(2) നമ്പർ തീരുമാനങ്ങൾ പരിഗണിച്ചും തടസ്സം സാധൂകരിക്കുന്ന വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശയും സാധൂകരണം സംബന്ധിച്ച കാര്യത്തിൽ ഉചിതമായ തീരുമാനം സർക്കാർതലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അഭിപ്രായവും കണക്കിലെടുത്തും എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 2006-07 വർഷത്തെയും 2007-08 വർഷത്തെയും ഓഡിറ്റ് ഖണ്ഡികകളായ 3.1, 3.3 പ്രകാരമുള്ള തുകകളായ 1,47,060/- (ഒരു ലക്ഷത്തി നാല്പത്തി ഏഴായിരത്തി അറുപത് രൂപ മാത്രം) രൂപ, 1,03,284/- (ഒരു ലക്ഷത്തി മൂവായിരത്തി ഇരുന്നൂറ്റി എൺപത്തി നാല് രൂപ മാത്രം) രൂപ എന്നിവയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്, എറണാകുളം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**